പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 2038

06.02.2019- ൽ മറുപടിയ്ക്ക്

## തടവുകാരെ വിട്ടയച്ച ഉത്തരവ് റദ്ദാക്കിയ ഹൈക്കോടതി വിധി

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ് | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | 2011- ൽ മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 209 തടവുകാരെ വിട്ടയച്ച ഉത്തരവ് കേരള ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്ത് കാരണത്താലാണ് ഹൈക്കോടതി പ്രസ്തുത ഉത്തരവ് റദ്ദാക്കിയത് ; വിശദമാക്കുമോ ; | (ബി) | ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 161 പ്രകാരമുള്ള അധികാരം ബഹു. ഗവർണർ വിനിയോഗിച്ചതിന് ഉപോൽബലകമായ വസ്തുതകളോ കാരണമോ വെളിപ്പെടുത്തിയിട്ടില്ല എന്നും ഓരോ തടവുകാരന്റെയും വിട്ടുതൽ സംബന്ധിച്ചും ക്രിമിനൽ നടപടി സംഹിതയുടെ 433 എ വകുപ്പിൽ നിന്നും വ്യതിചലിക്കുന്നതിനുള്ള പ്രത്യേക കാരണങ്ങൾ, വിട്ടുതൽ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിന് ആവശ്യമായ രേഖകളും മന്ത്രിസഭയ്ക്കും ബഹു. ഗവർണർക്കും ലഭ്യമാക്കിയില്ലായെന്നുമുള്ള കാരണങ്ങളാലാണ് പ്രസ്തുത ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയത്. |
| (സി) | ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ ; ഇതിനുള്ള നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; | (സി) യും (ഡി) യും | പരിശോധിച്ചുവരുന്നു. |
| (ഡി) | ഹൈക്കോടതി വിധി സർക്കാരിന്റെ അവകാശത്തിന്മേലുള്ള കടന്നുകയറ്റമായി സർക്കാർ പരിഗണിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ